**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6770** **11-11-2021 - ൽ മറുപടിയ്ക്ക്**

**ആനന്ദ് മാതൃക പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളുടെ ആഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ. 156 പ്രകാരം കെ.സി.എം.എം.എഫ്.ലെ ആനന്ദ് മാതൃക ക്ഷീരസഹകരണസംഘങ്ങളിലെ ഓഡിറ്റർമാർ ചെയ്യുന്ന ജോലിയുടെ സ്വഭാവം കൺകറന്റ് ഓഡിറ്റിന്റെ വിഭാഗത്തിലാണോ യൂണിറ്റ് ഓഡിറ്റിന്റെ വിഭാഗത്തിലാണോ ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | യൂണിറ്റ് ഓഡിറ്റിന്റെ വിഭാഗത്തിലാണ് ഉൾപ്പെടുന്നത് |
| (ബി) | നിലവിൽ ആനന്ദ് മാതൃക ക്ഷീര സഹകരണസംഘങ്ങളെ യൂണിറ്റുകളായി തിരിച്ച് പ്രസ്തുത ഓഡിറ്റർമാരെ ഓരോ യൂണിറ്റ് ഓഡിറ്റർമാരായാണോ നിയമനം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | യൂണിറ്റ് ഓഡിറ്റർമാരായാണ് നിയമനം നടത്തിയിട്ടുള്ളത്. |
| (സി) | നിലവിൽ ആനന്ദ് മാതൃക ക്ഷീരസഹകരണസംഘം ഓഡിറ്റർമാർ എത്ര സംഘങ്ങൾ വീതം പ്രതിമാസം/ പ്രതിവർഷം ഓഡിറ്റ് ചെയ്ത് റിപ്പോർട്ടുകൾ സമർപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | പ്രതിമാസം 4 ഓഡിറ്റ് റിപ്പോർട്ട് വീതവും, പ്രതിവർഷം 48 ഓഡിറ്റ് റിപ്പോർട്ട് വീതവും യൂണിറ്റ് ഓഡിറ്റർമാർ സമർപ്പിക്കുന്നുണ്ട്. |
| (ഡി) | ഇത് പ്രകാരം ആനന്ദ് മാതൃക സഹകരണസംഘത്തിന്റെ ഒരു സാമ്പത്തിക വർഷത്തെ ഓഡിറ്റ് പൂർത്തീകരിക്കുന്നതിന് എത്ര പ്രവൃത്തി ദിവസങ്ങളാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സമയം കൃത്യമായ ഓഡിറ്റ് നിർവ്വഹണത്തിന് പര്യാപ്തമാണോ; | (ഡി) | പ്രതിമാസം 4 ഓഡിറ്റ് റിപ്പോർട്ട് എന്ന നിരക്കിലാണെങ്കിൽ ഒരു സംഘം ഓഡിറ്റ് ചെയ്യാൻ 4 മുതൽ 5 വരെ ദിവസങ്ങളും, മാസത്തിൽ 5 റിപ്പോർട്ടുകൾ എന്ന നിരക്കിലാണെങ്കിൽ പരമാവധി 4 ദിവസവുമാണ് ലഭിക്കുന്നത്. പര്യാപ്തമാണ്. |
| (ഇ) | ഓഡിറ്റ് നോട്ട് ചെക്കിംഗ്, റെക്റ്റിഫിക്കേഷൻ ജോലികൾ എന്നിവ നിർവ്വഹിക്കുന്നതിന് പ്രത്യേകമായി സമയം അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രതിമാസം അനുവദിക്കുന്ന പ്രവൃത്തി ദിനങ്ങളുടെ എണ്ണം വ്യക്തമാക്കുമോ; | (ഇ) | ഇല്ല. |
| (എഫ്) | സഹകരണ ഓഡിറ്റിന്റെ കാര്യക്ഷമത നിലനിർത്തുന്നതിന് കേരള സഹകരണ ഓഡിറ്റ് മാനുവൽ പ്രകാരം യൂണിറ്റ് ഓഡിറ്റർമാർക്ക് | (എഫ്) | പാലിക്കപ്പെടുന്നുണ്ട്. ഓഡിറ്റർക്ക് കാര്യക്ഷമമായി നിർവ്വഹിക്കുവാൻ കഴിയുന്ന തരത്തിലാണ് നിലവിൽ ആഡിറ്റ് പ്രോഗ്രാം നൽകി വരുന്നത്. |

| | | | |
|---|---|---|---|
| | പ്രതിവർഷം ചെയ്യാവുന്ന പരമാവധി ഓഡിറ്റിന്റെ എണ്ണം ആനന്ദ് മാതൃക സംഘങ്ങളുടെ ഓഡിറ്റിൽ പാലിക്കപ്പെടുന്നുണ്ടോ; നാലോ അതിലധികമോ ജില്ലകൾ പ്രവർത്തന പരിധി ഉള്ളതിനാലും വർഷത്തിൽ എല്ലാ ദിവസവും ഇടപാടുകൾ നടക്കുന്ന സ്ഥാപനങ്ങളുടെ ഓഡിറ്റ് ആയതിനാലും പ്രസ്തുത എണ്ണത്തിൽ ഇളവുകൾ അനുവദിക്കുന്നുണ്ടോ; | | |
| (ജി) | ഇല്ലെങ്കിൽ പ്രസ്തുത എണ്ണം നിയമപരമായി നിർണ്ണയിക്കുന്നതിനും ആവശ്യമെങ്കിൽ ഇളവുകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ജി) | ഓഡിറ്റർക്ക് കാര്യക്ഷമമായി നിർവ്വഹിക്കുവാൻ കഴിയുന്ന തരത്തിലാണ് നിലവിൽ ആഡിറ്റ് പ്രോഗ്രാം നൽകി വരുന്നത്. ഇളവുകൾ അനുവദിക്കേണ്ട ആവശ്യകത യില്ല. |

സെക്ഷൻ ഓഫീസർ